**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 760** **09-08-2023 - ൽ മറുപടിയ്ക്ക്**

**കുന്ദമംഗലത്ത് കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുന്ദമംഗലത്തെ കെ.എസ്. ഇ.ബി. സെക്ഷൻ ഓഫീസ് കെട്ടിടം നിർമ്മിക്കാൻ ശിലാസ്ഥാപനം നടത്തിയത് എന്നാണെന്ന് വ്യക്തമാക്കാമോ; | (എ) | 2010 ആഗസ്റ്റ് 15 |
| (ബി) | ഈ ഓഫീസിനായുള്ള കെട്ടിടത്തിന്റെ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; | (ബി) | ഉണ്ട്, കുന്ദമംഗലം 110 കെ.വി സബ്സ്റ്റേഷൻ കോമ്പൗണ്ടിനകത്ത് ട്രാൻസ്മിഷൻ വിഭാഗ ത്തിനും ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിനും സംയുക്തമായി ഒരു കെട്ടിട സമുച്ചയം പണിയാൻ തീരുമാനമായിരുന്നു. ഈ കെട്ടിടത്തിൽ ട്രാൻസ്മിഷൻ വിഭാഗത്തിലേയും ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലേയും ഓഫീസുകൾ പ്രവർത്തിക്കുവാനായാണ് ഉദ്ദേശിച്ചിരുന്നത്. ആയതിന്റെ ഭരണാനുമതി, ടെക്നിക്കൽ സാങ്ഷൻ, ടെണ്ടറിംഗ് എല്ലാം Kozhikode ട്രാൻസ്മിഷൻ സർക്കിളിന്റെ പരിധിയിലാണ് നടപ്പിലാക്കിയിരുന്നത്.<br><br>കുന്നമംഗലത്ത് 110 KV സബ്സ്റ്റേഷൻ കോമ്പൗണ്ടിനകത്തു പ്രസരണ വിഭാഗത്തിനും വിതരണ വിഭാഗത്തിനും സംയുക്തമായി ഒരു കെട്ടിടം പണിയുന്ന പ്രവർത്തിക്കുള്ള എസ്റ്റിമേറ്റിന് 22.10.2010- ൽ അനുമതി നൽകിയിരുന്നു. എന്നാൽ കെട്ടിടനിർമ്മാണ ത്തിനായി രണ്ട് തവണ ടെൻഡർ ചെയ്തെങ്കിലും എസ്റ്റിമേറ്റ് തുകയേക്കാൾ കൂടുതൽ തുകയ്ക്കാണ് ടെൻഡർ ലഭിച്ചത്, ആയതിനാൽ ടെൻഡർ ക്യാൻസൽ ചെയ്യപ്പെട്ടു. പിന്നീട് 110 KV സബ്സ്റ്റേഷൻ ആയിരുന്ന കുന്നമംഗലം സബ്സ്റ്റേഷൻ 220 KV ആയി ഉയർത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള കുറ്റിക്കാട്ടൂർ-കുന്നമംഗലം, കുന്നമംഗലം താമരശ്ശേരി എന്നീ 66 KV ലൈനുകൾ 110 KV ഡബിൾ സർക്യൂട്ട് ആക്കുകയും ചെയ്യാനുള്ള തീരുമാനം ഉണ്ടായി. കൂടാതെ നിലവിലുള്ള കക്കയം ലൈനിനെ 220 KV ആയി ഉയർത്തുന്ന കാര്യവും പരിഗണിക്കപ്പെട്ടു. ഈ നിർദ്ദേശങ്ങൾ വരുമ്പോൾ ആ ഭാഗത്ത് ഒരു കെട്ടിടം വരുന്നത് ഒരു തടസ്സമായി വരുമെന്നതിനാൽ പ്രസ്തുത പ്രൊപ്പോസൽ |

| | | | |
|---|---|---|---|
| | | | താത്കാലികമായി മാറ്റി വെയ്ക്കുകയായിരുന്നു. ഇപ്പോൾ കുന്നമംഗലം സബ്സ്റ്റേഷൻ 220 KV ആക്കികൊണ്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കപ്പെട്ട സാഹചര്യ ത്തിൽ 2022-ൽ ഇലക്ട്രിക്കൽ സെക്ഷനോഫീസ് പണിയുന്നതിന് 10സെന്റ് സ്ഥലം 110 KV സബ്സ്റ്റേഷൻ കോമ്പൗണ്ടിൽ നിന്നും അനുവദിക്കണമെന്ന വിതരണ വിഭാഗത്തിൽ നിന്നുള്ള ആവശ്യത്തിന് അനുകൂല മറുപടി പ്രസരണ വിഭാഗത്തിൽ നിന്നും നൽകിയിട്ടുണ്ട്. ഇതിന്റെ തുടർനടപടികൾ വിതരണ വിഭാഗത്തിൽ നിന്നും എടുത്തുവരുന്നു. |
| (സി) | വാടക കെട്ടിടത്തിലാണ് ഇപ്പോഴും ഓഫീസ് പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട് |
| (ഡി) | കുന്ദമംഗലം മിനി സിവിൽ സ്റ്റേഷനിൽ ഓഫീസിനുള്ള സ്ഥലം ലഭ്യമാക്കിയിട്ടും അങ്ങോട്ട് മാറ്റാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ? | (ഡി) | ബോർഡിന്റെ ഉടമസ്ഥതയിലുള്ള കുന്ദമംഗലം 110 കെ.വി സബ്സ്റ്റേഷൻ കോമ്പൗണ്ടിനകത്ത് ഇലക്ട്രിക്കൽ സബ് ഡിവിഷൻ കുന്ദമംഗലത്തിനും ഇലക്ട്രിക്കൽ സെക്ഷൻ കുന്ദമംഗലത്തിനും വേണ്ടി ബിൽഡിംങ്ങ് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭരണാനുമതിയ്ക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നതിനാലാണ് സെക്ഷൻ ഓഫീസ് കുന്ദമംഗലം മിനിസിവിൽ സ്റ്റേഷനിലേക്ക് മാറാതിരുന്നത്. |

സെക്ഷൻ ഓഫീസർ